ഉത്തരം

(എ) സംസ്ഥാനത്ത് 61,999 പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ലംപ്സംഗ്രാന്റ് ലഭിക്കുന്നുണ്ട്. 2003-2004-ൽ 472,614 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. 2004-2005-ൽ പുതിയ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിവരുന്നതിനാൽ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും എന്നുള്ള വിവരം ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കണക്ക് താഴെ പറയുന്നു:

എൽ.പി. വിഭാഗം	..	30,110
യു.പി. വിഭാഗം	..	18,663
ഹൈസ്കൂൾ വിഭാഗം	..	13,226

പട്ടികജാതി വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഇപ്പോൾ താഴെപ്പറയുന്ന തുക നൽകിവരുന്നു:

എൽ.പി. വിഭാഗം	..	95	രൂപ
യു.പി. വിഭാഗം	..	155	,,
ഹൈസ്കൂൾ വിഭാഗം	..	220	,,

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 മാസത്തെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും ജൂൺ മാസം 15-ാം തീയതിയോടെ നൽകാൻ സ്റ്റാൻഡിംഗ് ഓർഡർ നിലവിലുണ്ട്. അതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുമുണ്ട്.

ടെക്നിക്കൽ ഹൈസ്കൂളുകളുടെ സ്റ്റൈപ്പന്റ് വിതരണം

135 [298] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി സ്റ്റൈപ്പന്റ് ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം സംഭവിച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) മറ്റ് പ്രീ-മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം തന്നെയാണ് ഇതിനും പാലിക്കുന്നത്. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടിക ജാതി വികസന ആഫീസർമാർ സ്കൂളുകളിൽ നിന്നും കുട്ടികളുടെ ലിസ്റ്റ് വാങ്ങി പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു നൽകിവരുന്നു.

(ഡി) 2004-2005 അധ്യയനവർഷത്തിലും സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക പട്ടിക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുവാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ

136 [299] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പുവർഷം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷത്തെ പദ്ധതി നടത്തിപ്പിൽ എത്രത്തോളം തുക ലാപ്സായിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(സി) ഇപ്രകാരം തുക ലാപ്സാകുന്നതിന്റെ കാരണങ്ങളും തുക നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികളും വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly